(*b*) whether Government would consider the question of constituting a Central Board for the expansion of coir, cashewnut and pepper business?

HON'BLE MR. T. K. NARAYANA PILLAI: (*a*) (i) This does not appear to be correct.

(ii) No.

(*b*) Yes. The proposal will be examined.

തോട്ടം തൊഴിലാളികൾ.

138. MR. WILSON PETER (*Shertalai III—Latin Catholic*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ?

(എ) തോട്ടങ്ങളിൽ ജോലിചെയ്യുവരുന്ന തൊഴിലാളികളെ ആണ്ടവസാനത്തിൽ പിരിച്ചുവിടുന്ന ഒരു നയം തോട്ടമുടമസ്ഥന്മാർ സ്വീകരിച്ചുവരുന്നതു ബഹു: മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ നിരോധിക്കുന്നതിനാവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുമോ?

HON'BLE MR. N. KUNJURAMAN : (എ) ഉണ്ട്.

(ബി) ഇതിനെപ്പറ്റിയുള്ള പരാതികൾ ഉണ്ടാകുമ്പോൾ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെട്ട് വേണ്ട പരിഹാരം ഉണ്ടാക്കുന്നതാണ്.

അഞ്ചലാഫീസുകളുടെ ആവശ്യം.

139. MR. K. K. CHELLAPPAN PILLAI : താഴെ കാണുന്ന ചോദ്യത്തിനു അഞ്ചൽവകുപ്പുമന്ത്രി ഉത്തരം പറയുമോ?

മാവേലിക്കര താലൂക്കിൽ കുറത്തികാട്ട്, വള്ളികുന്നം എന്നീ സ്ഥലങ്ങളിൽ ഓരോ അഞ്ചലാഫീസുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. K. R. ELANKATH : Yes.

An Anchal Office could not be opened at Kurathicad as the locality is within two and a half miles of the nearest Anchal Office at Pallikal.

Regarding the Anchal Office at Vallikunnam, proposals of the Anchal Superintendent are awaited.

ഡിസ്പെൻസറി പണി.

140. MR. K. K. CHELLAPPAN PILLAI : താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വാറനാട്ട് ലുപ്പർ കാളനിയോടനുബന്ധിച്ചുള്ള ഡിസ്പെൻസറിയുടെ പണി പൂർത്തിയായോ? ഇല്ലെങ്കിൽ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

(ബി) കുന്നത്തൂർ താലൂക്കിൽ തുറവൂര മുറിയിൽ നാട്ടുകാർ ഉണ്ടാക്കി ഗവണ്മെൻറിനു നൽകിയ അപേക്ഷ പരിഗണനയിൽ വന്നിട്ടുണ്ടോ? ഇല്ലെങ്കിൽ കാരണമെന്ത്?

HON'BLE MR. E. K. MADHAVAN: (*a*) Yes.

(*b*) The dispensary will be opened soon.

ഫുഡ് പ്രൊഡക്ഷൻ ആഫീസർ.

141. MR. PANDAVATHU SANKARA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു: കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കാർത്തികപ്പള്ളി താലൂക്കിലേക്ക് നിയമിച്ചിട്ടുള്ള ഫുഡ് പ്രൊഡക്ഷൻ ആഫീസർക്കുള്ള ജോലി എന്താണ്?

(ബി) അദ്ദേഹം ഈ കാലത്തിനകം അവിടെ എന്തു ജോലി ചെയ്തു?

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

HON'BLE MR. V. O. MARKOS: (*a*) Controlling and directing the Food Production Survey of the Karthikapally taluk and taking steps on the basis of the survey, to augment production.

(*b*) Food Production Survey has been completed in the Karthikapally taluk. Investigation of urgent irrigation works is being conducted.

(*c*) In view of the answers to parts (a) and (b) this part of the question does not arise.

വെള്ളം വറ്റിക്കുന്നതിനു വിദ്യുച്ഛക്തിയുടെ ആവശ്യം.

142. MR. PANDAVATHU SANKARA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയുടെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുമ്പഴവാറ, വീയപുരം, ചെറുതന, കിഴക്കേക്കര, പള്ളിപ്പാട് തുടങ്ങിയ പഞ്ചായത്തുകളിൽ വെള്ളം വറ്റിക്കുന്നതിന് വിദ്യുച്ഛക്തി കൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

(ബി) വിദ്യുച്ഛക്തി ആവശ്യപ്പെട്ടുകൊണ്ടു വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

HON'BLE MR. V. O. MARKOS:

(a) Yes. But the extension to these places can be taken up only when the position of materials improves.

(b) A few applications have been received by the Electrical Engineer to Government.

LIBRARY ARCHIVES Kerala Legislative Assembly